'116158/2023

## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : പ്രിയങ്ക.G ,IAS)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –അങ്കണവാടി പരിശീലന പദ്ധതി- അങ്കണവാടി വർക്കർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് – ട്രെയിനിംഗ് സംഘടിപ്പിയ്ക്കുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:
1. 03.05.2023 ലെ സ.ഉ(സാ.ധാ)നം. 228/2022/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 06.06.2023 ലെ മേൽ നമ്പർ ഉത്തരവ്

**ഉത്തരവ് നം. DWCD/1065/2023-ICDSB8 തീയതി: 16-09-2023**

ഐ . സി . ഡി . എസ് സൂപ്പർവൈസർ , അങ്കണവാടി വർക്കർ , ഹെൽപ്പർ എന്നിവർക്കുള്ള ജോബ് , റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുകയും അങ്കണവാടി വർക്കർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതി പരാമർശ പ്രകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട് . ഈ സാഹചര്യത്തിൽ അങ്കണവാടി വർക്കർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിന് പരാമർശം രണ്ട് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം , കോട്ടയം, തൃശ്ശൂർ, കാസർകോഡ് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ചുവടെപ്പറയും പ്രകാരം ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു .

| SL No | Item | Rate | Sanctioning Amount |
|---|---|---|---|
| 1. | Food (Breakfast, Lunch, Dinner, Tea & Snacks) | 250/- per head<br><br>(250 x40x7) | 70,000/- |
| 2. | Travelling Allowance | 500/head/course<br>(500 x 40) | 20,000/- |
| 3. | Honorarium to Guest Speakers<br><br>(maximum 20 Lecture per Course) | 1000/- per session | 20,000/- |
| 4. | Cost of Training Materials | 250/- per Trainee | 10,000/- |
| 5. | Field Visit | 4,000/- | 4,000/- |
| 6. | Stationery/Other Expenses | 5,000/- | 5,000/- |
| | **Total** | | **1,29,000/-** |

മേൽ ചിലവുകൾ കൂടാതെ ഒരു ജില്ലയ്ക്ക് ഒരു മാസത്തേയ്ക്ക് **50,000/-** രൂപ **Room, Hall** വാടക

ഇനത്തിലും അനുവദിയ്ക്കുന്നു.

മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിന് ചുവടെപ്പറയും പ്രകാരം ഫണ്ട് അനുവദിച്ച് നല്കുന്നു.

| ക്രമ നം | ജില്ല | ട്രെയിനിംഗിന് അനുവദിയ്ക്കുന്ന തുക | ഹാൾ, റൂം വാടക | ആകെ അനുവദിയ്ക്കുന്ന തുക |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 5,16,000/-<br>(1,29,000 x 4) | 50,000/- | 5,66,000/- |
| 2. | കോട്ടയം | 5,16,000/-<br>(1,29,000 x 4) | 50,000/- | 5,66,000/- |
| 3. | തൃശ്ശൂർ | 5,16,000/-<br>(1,29,000 x 4) | 50,000/- | 5,66,000/- |
| 4. | കാസർകോഡ് | 5,16,000/-<br>(1,29,000 x 4) | 50,000/- | 5,66,000/- |
| ആകെ | | **20,64,000/-** | **2,00,000/-** | **22,64,000/-** |

- ട്രെയിനിംഗുകൾ സെപ്റ്റംബർ / ഒക്ടോബർ മാസത്തിനുള്ളിൽ പൂർത്തീകരിയ്ക്കേണ്ടതാണ്.
- ഓരോ ബാച്ച് ട്രെയിനിംഗും കഴിയുന്ന മുറയ്ക്ക് തന്നെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് **Expenditure** വരുത്തേണ്ടതും **Plan Space** ൽ **update** ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം തുടർന്നുള്ള ബാച്ചുകൾക്ക് ഫണ്ട് അനുവദിയ്ക്കുന്നതിൽ കാലതാമസം നേരിടുന്നതാണ്.
- ട്രെയിനിംഗിന് നിയോഗിച്ചിട്ടുള്ള വർക്കർമാരുടെ പങ്കാളിത്തം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസറും സി.ഡി.പി.ഒ മാരും ഉറപ്പ് വരുത്തേണ്ടതാണ്. ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് Annexure ആയി നല്കിയിട്ടുള്ള പ്രൊഫോർമയിൽ ഓരോ ബാച്ചും പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ ലഭ്യമാക്കേണ്ടതാണ്.

മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിനായി ആകെ **22,64,000/-**

/116158/2023

**(ഇരുപത്തി രണ്ട് ലക്ഷത്തി അറുപത്തി** നാലായിരം രൂപാ മാത്രം) എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും അലോട്ട്മെന്റായി അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. ജില്ലാ ഓഫീസർമാർ മേൽ തുക അതാത് പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് നല്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ അനുവദിച്ചിട്ടുള്ള സമയ പരിധിയ്ക്കുള്ളിൽ ട്രെയിനിംഗുകൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് (Annexure II), Statement of Expenditure, UC എന്നിവ ഉൾപ്പെടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-56 (P) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

PRIYANKA G
**വനിതാ ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
പകർപ്പ് :

1. സീനിയർ ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട് എ സെക്ഷൻ (അലോട്ടുമെന്റ് അനുവദിയ്ക്കുന്നതിന്)
3. സൂപ്രണ്ട്, പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by Priyanka G
Date: 16-09-2023 23:06:31

/116159/2023

**Annexure**

റിഫ്രഷർ ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച പ്രൊഫോർമാ റിപ്പോർട്ട്

1. ട്രെയിനിംഗിന്റെ പേര് : റിഫ്രഷർ ട്രെയിനിംഗ് സൂപ്പർവൈസർ/വർക്കർ/ഹെൽപ്പർ

2. ബാച്ച് നമ്പർ : ബാച്ച് 1/2/3/4/....

3. പരിശീലനം നടന്ന തീയതി : ........... മുതൽ ........... വരെ

4. പങ്കെടുത്തവരുടെ എണ്ണം :

5. നടത്തിയിട്ടുള്ള ആകെ

സെഷനുകളുടെ എണ്ണം :

6. നടത്തിയിട്ടുള്ള എല്ലാ സെഷനുകളുടേയും വിവരങ്ങൾ ചുവടെപ്പറയുന്ന

പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതാണ്.

| Day : | | |
|---|---|---|
| Session | Topic | Name of Resourse Person |
| Session 1 | | |
| Session 2 | | |
| Session 3 | | |
| Session 4 | | |
| Session 5 | | |
| Session 6 | | |

സാക്ഷ്യപത്രം :

മേൽ പരിശീലന പരിപാടി നിർദ്ദേശിച്ചിട്ടുള്ള എണ്ണം പരിശീലനാർത്ഥികളെ ഉൾപ്പെടുത്തി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രോഗ്രാം ഓഫീസറുടെ പേര് :

ഒപ്പ് :

Signed by Priyanka G
Date: 16-09-2023 23:07:17